(*d*) The matter is under consideration.

MR. K. A. MATHEW (*Thiruvalla IV—General*) : എസ്റ്റേറ്റുജോലിക്കാരുടെ വല്ല നിവേദനങ്ങളും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN : ചോദ്യം ഒന്നുകൂടി ആവർത്തിക്കണം

MR. K. A. MATHEW : എസ്റ്റേറ്റിലെ മാനേജ്മെൻറിനോടുള്ള അതൃപ്തിയെ ചൂണ്ടിക്കാണിക്കുന്ന വല്ല നിവേദനവും ഗവണ്മെൻറിലേക്ക് അയച്ചിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : അങ്ങിനെയുള്ളതായിട്ട് ഞാൻ ഓർക്കുന്നില്ല.

MR. K. A. MATHEW : ഇതിനെപ്പറ്റി അവർ ഒരു ഡെപ്യൂട്ടേഷനായിവന്ന് മന്ത്രിയെ സന്ദർശിച്ചതായിട്ട് ഓർക്കുന്നില്ലെ?

HON'BLE MR. N. KUNJURAMAN : ഞാൻ ഓർക്കുന്നില്ല.

MR. K. A. MATHEW : ഞാൻ ഉൾപ്പെടെ ഒരു ഡെപ്യൂട്ടേഷൻ മന്ത്രിയെ സന്ദർശിച്ചതായിട്ട് ഓർക്കുന്നില്ലേ ?

HON'BLE MR. N. KUNJURAMAN : പല കാര്യങ്ങൾക്കുവേണ്ടിയും മെംബർ എന്നെ സന്ദർശിച്ചിട്ടുണ്ട്. (ചിരി)

പോലിസുഡിപ്പാർട്ടുമെൻറ്.

---

* 338 MR. P. K. KRISHNAN SASTRI (*Meenachil II—Pudaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ ?

(എ) പോലീസ് ഡിപ്പാർട്ടുമെൻറിൽ പുതിയസമുദായത്തിൽപ്പെട്ടവർ എത്രപേർ ഉണ്ടെന്നും അവരിൽ ഹെഡ് കാൻസ്റ്റബിൾസ് എത്രയെന്നും ദയവായി പറയുമോ?

(ബി) പോലീസുഡിപ്പാർട്ടുമെൻറിൽ ക്ലാസ് പ്രമോഷൻ നടക്കുന്നതു എന്തുടിസ്ഥാനത്തിലാണെന്നു പറയുമോ ?

(സി) ഈ അടുത്തകാലത്തു പോലീസ് ഡിപ്പാർട്ടുമെൻറിലെ റിക്രൂട്ടുമെൻറിൽ അവശസമുദായത്തിൽപ്പെട്ടവർ കുറവാകുവാൻ വല്ല പ്രത്യേക കാരണങ്ങളുണ്ടോ എന്നു ദയവായി പറയുമോ?

HON'BLE MR. T. K. NARAYANA PILLAI : (എ) നാല് പേർ അതിൽ ഹെഡ് കാൻസ്റ്റബിൾ ആയിട്ട് ആരുമില്ല.

(ബി) സീനിയാറിട്ടിമുറയ്ക്കാണ് ക്ലാസ് പ്രമോഷൻകൊടുക്കുന്നത്.

(സി) അവശസമുദായങ്ങളിൽ നിന്നും റിക്രൂട്ടുചെയ്യുന്ന ആളുകളുടെ സംഖ്യക്ക് അടുത്തകാലത്തു യാതൊരു കുറവും ഉണ്ടായിട്ടില്ല. നിർദ്ദിഷ്ടമായ കായികവും വിദ്യാഭ്യാസപരവുമായ യോഗ്യത ഉള്ള അവശ

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai].

സമുദായാംഗങ്ങൾ അനുയോജ്യരായ അപേക്ഷകന്മാരായുള്ളപ്പോൾ അവർക്കു മുൻഗണന നൽകിവരുന്നുണ്ട്.

MR. P. K. KRISHNAN SASTRI : സീനിയോറിട്ടിയനുസരിച്ച് പ്രമോഷൻ കിട്ടാതിരുന്നിട്ടുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങിനെയുള്ളതായിട്ട് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. അഥവാ ഉണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ ഗവണ്മെൻറ് അതിനെപ്പറ്റി ഗൗനിക്കുന്നതായിരിക്കും.

MR. P. K. KRISHNAN SASTRI : എഫിഷ്യൻസി അനുസരിച്ചു മാത്രം പ്രൊമോഷൻ കൊടുക്കാൻ സാധിക്കയില്ലെ?

HON'BLE MR. T. K. NARAYANA PILLAI : എഫിഷ്യൻസിയനുസരിച്ചും സീനിയോറിട്ടിയനുസരിച്ചുമാണ് പ്രമോഷൻ കൊടുക്കുന്നത്.

MR. T. T. KESAVAN SASTRI : ആകെ നമ്പർ പേരുള്ളതിൽ എത്ര സ്ത്രീകളും എത്ര പുരുഷന്മാരുമുണ്ടെന്നു പറയുമോ?

HON'BLE MR. T. K. NARAYANA PILLAI : ആ വിവരം ചോദ്യത്തിൽ മുൻകൂട്ടി ചോദിച്ചിട്ടില്ലാത്തതിനാൽ ഉത്തരം പറയാൻ നിവർത്തിയില്ല.

കൊല്ലം-ആലുവാ റയിൽവേ.

* 339. MR. MOHAMMED MUSTAFA (*Pathanapuram—Muslim*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റയിൽവേവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലത്തുനിന്നും ആലുവായിലേക്ക് റയിൽവേ നീട്ടുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) അതിനായി ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ?

HON'BLE MR. A. J. JOHN: (a) and (b) The matter is under serious consideration.

റൈസ്മിൽ നിരോധനം.

* 340. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) റൈസ്മില്ലുകളുടെ മേലുള്ള നിരോധനം നീക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തു വ്യവസ്ഥകളിന്മേൽ, എപ്പോൾ മുതൽ എന്നു പ്രസ്താവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly